പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. **4188**

**25.06.2014**ലെ മറുപടിയ്ക്ക്

വേനൽക്കാലത്തെ വിശ്രമസമയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. പി. സി. വിഷ്ണുനാഥ് | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തൊഴിലാളികൾക്ക് കടുത്ത വേനൽക്കാലത്ത് ജോലിക്കിടയിലുള്ള വിശ്രമസമയം പുന:ക്രമീകരിക്കാൻ തീരുമാനിച്ചിട്ടു ണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ലേബർ കമ്മീഷണറുടെ 25.03.2014 തീയതിയിലെ ഉത്തരവ് നമ്പർ ജി(2) 6948/2013 ഉത്തരവിലൂടെ പൊതുജന താല്പര്യം മുൻനിർത്തി 1958 ലെ കേരള മിനിമം വേതന ചട്ടങ്ങളിലെ ചട്ടം 24(3) പ്രകാരം, വെയിലത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ സമയം 2014 ഏപ്രിൽ ഒന്ന് മുതൽ ഏപ്രിൽ 30 വരെ പുനഃക്രമീകരിച്ചിരുന്നു. |
| (ബി) പ്രസ്തുത തീരുമാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നിൽകുമോ; | (ബി) കാലാവസ്ഥാ വ്യതിയാനം മൂലം തൊഴിലാളികൾക്ക് സൂര്യാഘാതം ഏൽക്കാതിരിക്കുക, അത്യുഷ്ണം മൂലം ഉണ്ടായേക്കാവുന്ന മറ്റ് ആരോഗ്യപ്രശ്നങ്ങൾ തടയുക എന്നതാണ് ഈ തീരുമാനംകൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) അതുവഴി എന്തെല്ലാം സൗകര്യങ്ങ ളാണ് ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) മേൽ ഉത്തരവ് പ്രകാരം, പകൽ ഷിഫ്റ്റിൽ ജോലിചെയ്യുന്നവർക്ക് ഉച്ചയ്ക്ക് 12 മണി മുതൽ മൂന്നു മണിവരെ വിശ്രമവേളയായിരിക്കും ഇവരുടെ ജോലി സമയം രാവിലെ ഏഴ് മണി മുതൽ വൈകുന്നേരം ഏഴ് മണിവരെയുള്ള സമയത്തിനുള്ളിൽ എട്ട് മണിക്കൂറായി നിജപ്പെടുത്തിയിരുന്നു. രാവിലെയും ഉച്ചയ്ക്ക് ശേഷവും ഉള്ള ഷിഫ്റ്റുകളിലെ ജോലി സമയം ഉച്ചയ്ക്ക് പന്ത്രണ്ട് മണിയ്ക്ക് അവസാനിക്കുന്ന പ്രകാരവും വൈകുന്നേരം മൂന്ന് മണിയ്ക്ക് ആരംഭിക്കുന്ന പ്രകാരവും പുനഃക്രമീകരിച്ചിരുന്നു. ക്രമീകരണത്തിലൂടെ തൊഴിലാളികൾക്ക് അമിതമായ അന്തരീക്ഷ താപത്തിൽ നിന്നും രക്ഷനേടാനും, തളർച്ച, |

സൂര്യതാപം മുതലായ വൈഷമ്യങ്ങൾ ഒഴിവാക്കി സുരക്ഷിതമായി ജോലിയിൽ ഏർപ്പെടാനും കഴിയും.

(ഡി) അത് നടപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

മേൽ ഉത്തരവ് നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാനായി എൻഫോഴ്സ്മെന്റ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിരുന്നു. ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകളും നടത്തിയിരുന്നു.

Sreekala

സെക്ഷൻ ഓഫീസർ